**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1525** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മുഹമ്മദ് ഷിയാസ് ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** വല്ലാർപാടം കണ്ടെയ്നർ ടെർമിനലിലേക്ക് കപ്പൽ വരുന്നതിന് കപ്പൽച്ചാൽ ആഴം കൂട്ടുന്നതിനെ തുടർന്ന് ഫോർട്ട് കൊച്ചി ബീച്ചിന്റെ തീരപ്രദേശത്തിന് ശോഷണം സംഭവിച്ചുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കപ്പൽ ചാൽ ആഴം കൂട്ടുന്ന പ്രവൃത്തി നടത്തുന്നതിന് മുന്നോടിയായി കൊച്ചി തുറമുഖ അതോറിറ്റി പാരിസ്ഥിതിക പഠനം നടത്തി വരാറുണ്ട്.

**(ബി)** ആഴം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കപ്പൽച്ചാലിൽ നിന്ന് നീക്കം ചെയ്യുന്ന മണ്ണ് ചെല്ലാനം തീരപ്രദേശത്ത് ടെട്രാപോഡുകൾ സ്ഥാപിച്ചിരിക്കുന്ന ഭാഗത്ത് നിക്ഷേപിച്ച് തീര സംരക്ഷണം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** തീരപ്രദേശത്ത് ആഴം കുറവായതിനാൽ ഡ്രഡ്ജ് ചെയ്ത വസ്തുക്കൾ തീരത്തിനടുത്ത് നിക്ഷേപിക്കാൻ കഴിയില്ല, കൂടാതെ, ഇത് ഡ്രെഡ്ജർ നാവിഗേഷന് അനുയോജ്യ വുമല്ല. ഡ്രഡ്ജ് ചെയ്ത വസ്തുക്കളിൽ പ്രധാനമായും എക്കൽ, കളിമണ്ണ് എന്നിവ ദ്രാവക സ്ലറി രൂപത്തിലായ തിനാൽ ഇവ ഏതെങ്കിലും നിലം നികത്തലിനോ ബീച്ച് പോഷണ പ്രവർത്തനങ്ങൾക്കോ അനുയോജ്യമല്ല.

**(സി)** ചെറുകിട മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണത്തിനായി പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** ഉണ്ട്. ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ പരിഗണനയിലുണ്ട്.

PMMSY പദ്ധതികൾ

| ക്രമ നം. | പദ്ധതിയുടെ പേര് | തുക (കോടി രൂപ) |
|---|---|---|
| 1 | തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞം ഫിഷിംഗ് ഹാർബർ - മാസ്റ്റർ പ്ലാൻ (ഒന്നാം ഘട്ടം) | 48.00 |
| 2 | കോഴിക്കോട് ജില്ലയിലെ ബേപ്പൂർ ഫിഷിംഗ് ഹാർബറിന്റെ വിപുലീകരണം | 85.00 |
| 3 | ചോമ്പാൽ ഹാർബറിൽ ഡ്രെഡ്ജിംഗ് | 4.90 |

RIDF പദ്ധതികൾ

| ക്രമ നം. | പദ്ധതിയുടെ പേര് | തുക (കോടി രൂപ) |
|---|---|---|
| 1 | കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ ഫിഷിംഗ് ഹാർബറിന്റെ നവീകരണം | 61.92 |
| 2 | കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം ഫിഷിംഗ് ഹാർബറിന്റെ നവീകരണം | 57.84 |
| 3 | എറണാകുളം ജില്ലയിലെ ചെല്ലാനം ഫിഷിംഗ് ഹാർബറിന്റെ നവീകരണം | 71.00 |

**സെക്ഷൻ ഓഫീസർ**